# പതിമൂന്നാം പഞ്ചവത്സര പദ്ധതി(2017 – 2022)

# ജനകീയാസൂത്രണം

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന മേഖലാ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സഹായി

(വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ടത്)

**6**

## മേഖല : സാമൂഹ്യനീതി

(ഭിന്നശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ, ഭിന്നലിംഗ വിഭാഗം മുതലായവ)

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ**
മുളങ്കുന്നത്തുകാവ്, തൃശൂർ680 581
ഫോൺ (ഓഫീസ്) : 0487-2207000
(ഡയറക്ടർ) :0487-2201312
ഇ–മെയിൽ:kilathrissur@gmail.com, mail@kilaonline.org
Website :www.kilaonline.org

**(ഫെബ്രുവരി2017)**

# റിസോഴ്സ് ടീം

തയ്യാറാക്കിയത് : ഡോ. ജെ.ബി. രാജൻ, അസിസ്റ്റന്റ് പ്രൊഫസർ, കില

വിദഗ്ദ്ധ ഉപദേശം : **എസ്.ആർ.ജി.**

ചെയർമാൻ - ഡോ. കെ.എൻ. ഹരിലാൽ

കൺവീനർ - ബി.ജു. വി.എസ്

മെമ്പർമാർ

എസ്. ജമാൽ

കെ.ബി. മദൻ മോഹൻ

ജി.കെ. സദനരാജൻ

കെ. അർജുനൻ

റ്റി.സുരേഷ് ബാബു

കെ.എം. എബ്രഹാം

ബി. അജയകുമാർ

**മേഖലാ വിദഗ്ദ്ധർ** :

സുമം. കെ.ആർ.
(സൂപ്പർവൈസർ, നെയ്യാറ്റിൻകരനഗരസഭ)

അർച്ചന.എ.ആർ.
(ഐ.സി.ഡി.എസ് സൂപ്പർവൈസർ, മംഗലപുരം ഗ്രാമപഞ്ചായത്ത്)

എഡിറ്റിംഗ് : സിറാജ് മീനത്തേരി
(എക്സ്റ്റൻഷൻ ഫാക്കൽറ്റി, കില)

## ആമുഖം

ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ വിവിധ മേഖലകളുടെ സ്റ്റാറ്റസ് റിപ്പോർട്ടും അവ സംയോജിപ്പിച്ച് കരട് വികസന രേഖയും തയ്യാറാക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ടല്ലോ. ഇത് സംബന്ധിച്ച പരിശീലനം കില ഇതിനോടകം നൽകിയിട്ടുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ ദൗത്യം. ആയതിനാൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഉതകുന്നനിർദ്ദേശങ്ങളും അനുയോജ്യമായ ഫോറങ്ങളും ആണ് ഈ സഹായിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കിലയും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പും സഹകരിച്ചുകൊണ്ട് രൂപം നൽകിയ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഈ സഹായി മേഖലാ വിദഗ്ദ്ധരുടെ നിർദ്ദശേങ്ങളും കൂടി ഉൾച്ചേർത്താണ് അന്തിമമാക്കിയത്. ഇതിൽ കൊടുത്തിരിക്കുന്ന ഫോറങ്ങൾ മാതൃകകൾ മാത്രമാണ്. യുക്തമായ രീതിയിൽ ഇവ പരിഷ്ക്കരിക്കുകയോ ആവശ്യമെങ്കിൽ കൂടുതൽ ഫോറങ്ങൾ ഉൾച്ചേർക്കുകയോ ആകാം. ഫലപ്രദമായ പ്രോജക്ടുകൾക്ക് രൂപം കൊടുക്കുന്നതിന് നിദാനമായ സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കുവാൻ ഈ സഹായി ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.

ഡോ. പി പി ബാലൻ
ഡയറക്ടർ

10/02/2017

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| 1. | സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നത് എങ്ങനെ? | 1-3 |
| 2. | സ്റ്റാറ്റസ് റിപ്പോർട്ട് (മാതൃക) | 5 |
| | കവർ പേജ് | |
| | ഉള്ളടക്കം | 7 |
| | വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ | 8 |
| ഭാഗം 1 : | വികസന മേഖലകളുടെ അവസ്ഥാ വിശകലനം | 9 |
| ഫോറം 1.1 : | അടിസ്ഥാന വിവരങ്ങൾ | 9-10 |
| ഫോറം 1.2 : | പ്രശ്ന വിശകലനം മാതൃക | 11 |
| ഭാഗം 2 : | മുൻകാലങ്ങളിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിലയിരുത്തൽ | 13 |
| ഫോറം 2.1 : | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആദ്യത്തെ 4 വർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ | 13 |
| ഫോറം 2.2 : | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷത്തെ പ്രോജക്ടുകളുടെ വിശദാംശങ്ങൾ | 14 |
| ഭാഗം 3 : | വികസന പരിപ്രേക്ഷ്യം | 15 |
| ഫോറം 3.1 : | വികസന പരിപ്രേക്ഷ്യം - ദീർഘകാലം - 2030 ൽ കൈവരിക്കാവുന്നവ | 15 |
| ഫോറം 3.2 : | വികസന പരിപ്രേക്ഷ്യം - പതിമൂന്നാം പഞ്ചവത്സരക്കാലയളവിൽ കൈവരിക്കാവുന്നവ | 16 |
| ഭാഗം 4 : | വികസന ലക്ഷ്യങ്ങളും പ്രോജക്ട് ആശയങ്ങളും | 17 |
| ഫോറം 4 : | പ്രോജക്ട് ആശയങ്ങൾ | 17 |

# സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നത് എങ്ങനെ?

**1.ആമുഖം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ തദ്ദേശ സ്ഥാപനതല ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതു സംബന്ധിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടല്ലോ. (ജി.ഒ.(എം.എസ്.) നം.10/2017/തസ്വഭവ, 11/2017/തസ്വഭവ; തീയതി 9.02.2017).പ്രസ്തുത ഉത്തരവുകൾ പ്രകാരം വിവിധ വികസന മേഖലകളുടെ സ്റ്റാറ്റസ് റിപ്പോർട്ടുകളും തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസനരേഖയും സമയബന്ധിതമായി തയ്യാറാക്കേണ്ടതുണ്ട്. ഇതിൽ 'സാമൂഹ്യനീതി' എന്ന മേഖലയ്ക്ക് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ഘടനയും ഫോറങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ സഹായി.ഇവിടെ കൊടുത്തിരിക്കുന്ന ഫോറങ്ങൾ മാതൃകകൾ മാത്രമാണ്. വിവരശേഖരണത്തിന് ഇതേ ഫോറങ്ങൾ തന്നെ അനുവർത്തിക്കണമെന്നില്ല. സ്ഥിതിവിവരക്കണക്കുകളുടെ ലഭ്യതയും വിവരസമാഹരണത്തിനുള്ള വിദഗ്ധരുടെ സാന്നിദ്ധ്യവും അനുസരിച്ച് കൂടുതൽ വിവരങ്ങൾ/ഫോറങ്ങൾ ആവശ്യമെങ്കിൽ കൂട്ടിച്ചേർക്കാവുന്നതോ വിവരങ്ങൾ ലഭ്യമല്ലാത്തവ ഒഴിവാക്കാവുന്നതോ ആണ്.

**2.സ്റ്റാറ്റസ് റിപ്പോർട്ടിന്റെ ഘടന**

സ്റ്റാറ്റസ് റിപ്പോർട്ടിന്റെ ഒരു മാതൃകയാണ് പേജ് 5മുതൽ കൊടുത്തിരിക്കുന്നത്. പേജ് 5 ൽ കൊടുത്തിരിക്കുന്നതുപ്രകാരം സ്റ്റാറ്റസ് റിപ്പോർട്ടിന് കവർ പേജ് നൽകുന്നത് ഉചിതമാണ്.സ്റ്റാറ്റസ് റിപ്പോർട്ടിന്റെ ഉള്ളടക്കം പേജ് 7 ന്റെ മാതൃകയിൽ നൽകാവുന്നതാണ്. ഭരണസമിതി അംഗീകരിച്ച വർക്കിംഗ് ഗ്രൂപ്പിന്റെ പട്ടിക (പേജ് 8) പ്രകാരം നൽകാവുന്നതാണ്. (അതായത് സർക്കാർ ഉത്തരവിലെ ഫോറം 2).സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ആവിഷ്ക്കരിച്ച രീതിശാസ്ത്രം, സംഘടനാപരമായ സംവിധാനം എന്നിവ ആമുഖമായി നൽകാവുന്നതാണ്.

സ്റ്റാറ്റസ് റിപ്പോർട്ടിന്റെ ഉള്ളടക്കത്തെ പ്രധാനമായും നാല് ഭാഗങ്ങളായി തരം തിരിക്കാം.

ഭാഗം1 : വികസന മേഖലയുടെ അവസ്ഥാ വിശകലനം

ഭാഗം2 : മുൻ കാലങ്ങളിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിലയിരുത്തൽ

ഭാഗം 3 : വികസന പരിപ്രേക്ഷ്യം

ഭാഗം4 : പ്രോജക്ട് ആശയങ്ങൾ

**ഭാഗം1 : വികസന മേഖലയുടെ അവസ്ഥാ വിശകലനം**

ഇതിന് രണ്ട് ഘടകങ്ങളുണ്ട്. മേഖലയുടെ അടിസ്ഥാന വിവരങ്ങളാണ് ആദ്യഘടകം. പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളുമാണ് രണ്ടാമത്തെ ഘടകം.

**അടിസ്ഥാന വിവരങ്ങൾ**

അടിസ്ഥാന വിവരങ്ങൾ ഫോറം 1.1 ൽ 1.1.1 മുതൽ 1.1.4 വരെ ഇനങ്ങൾ പ്രകാരം തയ്യാറാക്കാവുന്നതാണ്. ഫോറം 1.1 ലെ ഇനങ്ങൾ അന്തിമമാണെന്നു കരുതേണ്ടതില്ല; ചില മാതൃകകൾ മാത്രമാണ്. സ്ഥിതിവിവരക്കണക്കുകളുടെ ലഭ്യതയും വിവരസമാഹരണത്തിനുള്ള വിദഗ്ധരുടെ സാന്നിദ്ധ്യവും അനുസരിച്ച് കൂടുതൽ വിവരങ്ങൾ ആവശ്യമെങ്കിൽ കൂട്ടിച്ചേർക്കാവുന്നതാണ്.

**പ്രശ്ന വിശകലനം**

പ്രശ്നവിശകലനത്തിന് ഫോറം 1.2 (അതായത് സർക്കാർ ഉത്തരവിലെ ഫോറം 5) ആണ് ഉപയോഗിക്കേണ്ടത്. പ്രശ്നങ്ങളുടെ തീവ്രത പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിക്കാൻ സഹായിക്കും. അതായത് അതീവ ഗുരുതര പ്രോജക്ടുകൾക്ക് കൂടുതൽ മുൻഗണന നൽകുകയും ആദ്യ വർഷം തന്നെ പരിഹരിക്കുകയും വേണം.

അവസ്ഥാ വിശകലനം സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കണം.ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പ്, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് എന്നിവിടങ്ങളിൽ ലഭ്യമാകും.

**ഭാഗം2 : മുൻ കാലങ്ങളിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിലയിരുത്തൽ**

ഭാഗം 2 ൽപന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആദ്യത്തെ നാല് വർഷത്തെ വിശകലനം ഫോറം 2.1 പ്രകാരവും(അതായത് സർക്കാർ ഉത്തരവിലെ ഫോറം 3), അവസാന വർഷത്തെ വിശകലനം ഫോറം 2.2 പ്രകാരവും (അതായത് സർക്കാർ ഉത്തരവിലെ ഫോറം 4) തയ്യാറാക്കാവുന്നതാണ്. ലക്ഷ്യമിട്ട പ്രയോജനം ലഭിക്കാതെ പോയ പദ്ധതികൾ ഉണ്ടെങ്കിൽ അതിന്റെ കാരണം കൃത്യമായി വിശകലനം ചെയ്യണം.

ഭാഗം 2 ലെ രണ്ട് ഫോറങ്ങൾക്കും ആവശ്യമായ വിവരങ്ങൾ 'സുലേഖ' സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാണ്. ആയതിനാൽ സുലേഖ സോഫ്റ്റ് വെയറിൽ നിന്നും പ്രസ്തുത പ്രോജക്ടുകളുടെ പ്രിന്റ് എടുത്ത് വിശകലന വിധേയമാക്കേണ്ടതാണ്.

**ഭാഗം 3: വികസന പരിപ്രേക്ഷ്യം**

തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന പരിപ്രേക്ഷ്യം ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലും നിർണ്ണയിക്കണം. ദീർഘകാല വികസന പരിപ്രേക്ഷ്യം 2030 വരെ കലയളവിലേക്കും, പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിലേക്കും തയ്യാറാക്കുക. ഇവിടെ ഉദ്ദേശിക്കുന്നത് തദ്ദേശഭരണ സ്ഥാപനത്തിന്റെ ദീർഘകാലത്തേക്കുള്ള (2030) വികസന സ്വപ്നം മുൻകൂട്ടി നിശ്ചയിക്കുകയെന്നതാണ്. ഈ സ്വപ്നം സാക്ഷാത്കരിക്കുന്നതിന് അടുത്ത 5 വർഷത്തേക്കുള്ള (2017-2022) പരിപ്രേക്ഷ്യത്തിന്റെ മുൻഗണനകൾ നിർണ്ണയിക്കാവുന്നതാണ്. പരിപ്രേക്ഷ്യത്തിൽ നിന്നാണ് പ്രോജക്ട് ആശയങ്ങൾ രൂപം കൊള്ളേണ്ടത്. അതീവ ഗുരുതര പ്രശ്നങ്ങൾ (ഫോറം 1.2) പരിഹരിക്കുന്നതിന് ഉതകുന്നതരത്തിലാകണം വാർഷിക പ്രോജക്ട് ആശയങ്ങൾക്ക് പരിഗണന നൽകേണ്ടത്.

തദ്ദേശഭരണ സ്ഥാപനത്തിന്റെ 2030 വരെയുള്ള വികസന സ്വപ്നം ഫോറം 3.1 ൽ പട്ടികപ്പെടുത്താം. ഓരോ വികസന സ്വപ്നവും സമയ ബന്ധിതമായി കൈവരിക്കുന്നതിന് കൃത്യമായ സൂചികകൾ കൂടി നിർണ്ണയിക്കേണ്ടതുണ്ട്.പ്രസ്തുത സൂചികയുടെ അടിസ്ഥാനത്തിൽ ഇന്നത്തെ അവസ്ഥ എന്തെന്നും കൈവരിക്കേണ്ട ദീർഘക്കാല ലക്ഷ്യം എന്തെന്നും മുൻകൂട്ടി നിശ്ചയിക്കാനും, തദ്വാര പ്രോജക്ട് ആശയങ്ങൾ ആവിഷ്ക്കരിക്കാനും സഹായിക്കും.

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിലേക്കുള്ള വികസന പരിപ്രേക്ഷ്യംഫോറം 3.2 ൽ പട്ടികപ്പെടുത്താം.

ഭാഗം 1 ലെയുംഭാഗം 2 ലെയും കണ്ടെത്തലുകളുടെ  അടിസ്ഥാനത്തിൽ 2030 വരെയും,പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലേയ്ക്കും (2017-2022) ദീർഘകാല പരിപ്രേക്ഷ്യം വിഭാവനം  ചെയ്യണം. അതിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതി (2017-18) ലക്ഷ്യങ്ങൾ തീരുമാനിക്കാവുന്നതാണ്.

ഭാഗം 1 ൽ കണ്ടെത്തിയ  പ്രശ്നങ്ങളുടെ തീവ്രത (ലഘു, ഗുരുതരം, അതീവ ഗുരുതരം) അടിസ്ഥാനമാക്കിയാണ് ഭാഗം മൂന്നിൽ ലക്ഷ്യങ്ങൾക്ക് മുൻഗണന നൽകേണ്ടത്. ലക്ഷ്യങ്ങൾ ഗണനീയമായിരിക്കണം (Quantitative).

**ഭാഗം4 :  പ്രോജക്ട് ആശയങ്ങൾ**

വികസന പരിപ്രേക്ഷ്യത്തിന്റെ (ഭാഗം 3 ലെഫോറം 3.2 ന്റെ) അടിസ്ഥാനത്തിൽ ഫോറം 4 ൽ പ്രോജക്ട് ആശയങ്ങൾ തയ്യാറാക്കാവുന്നതാണ്.  ഈ പ്രോജക്ട് ആശയങ്ങളാണ് തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രോജക്ടുകളായി മാറുന്നത്.

<u>സ്റ്റാറ്റസ് റിപ്പോർട്ട് മാതൃക</u>

## പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-2022) – ജനകീയാസൂത്രണം

**വികസന മേഖല :സാമൂഹ്യനീതി**

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് : .........................................

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേൽവിലാസം :.....................................

.......................................

.......................................

ജില്ല : .......................................

.../.../2017 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ചു.

| | | |
|---|---|---|
| (ഒപ്പ്)<br>വർക്കിംഗ് ഗ്രൂപ്പ്<br>ചെയർപേഴ്സൺ | (ഒപ്പ്)<br>വർക്കിംഗ് ഗ്രൂപ്പ്<br>വൈസ് ചെയർപേഴ്സൺ | (ഒപ്പ്)<br>വർക്കിംഗ് ഗ്രൂപ്പ്<br>കൺവീനർ |

# ഉള്ളടക്കം

ഭരണസമിതി അംഗീകരിച്ച വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ

ആമുഖം

ഭാഗം 1 : വികസന മേഖലയുടെ അവസ്ഥാ വിശകലനം

ഭാഗം 2 : മുൻ കാലങ്ങളിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിലയിരുത്തൽ

ഭാഗം 3 : വികസന പരിപ്രേക്ഷ്യം

ഭാഗം 4 : പ്രോജക്ട് ആശയങ്ങൾ

## പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-2022) – ജനകീയാസൂത്രണം

## ഭരണസമിതി അംഗീകരിച്ച വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങൾ

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് :

ഭരണസമിതി തീരുമാന നമ്പരും തീയതിയും :

| ക്ര. ന. | പേരും വിലാസവും | ഫോൺ ഇ-മെയിൽ ഐ.ഡി. | നിലവിൽ വർക്കിംഗ് ഗ്രൂപ്പ് അംഗമാണോ? | വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം* | സ്ത്രീ/ പുരുഷൻ | എസ്.സി./ എസ്.ടി. മറ്റുള്ളവ | വിദ്യാഭ്യാസ യോഗ്യത | വൈദഗ്ധ്യം/ പരിചയം മേഖല | തൊഴിൽ |
|---|---|---|---|---|---|---|---|---|---|
| 1 | | | | | | | | | |
| 2 | | | | | | | | | |
| 3 | | | | | | | | | |
| 4 | | | | | | | | | |
| 5 | | | | | | | | | |
| 6 | | | | | | | | | |
| 7 | | | | | | | | | |
| 8 | | | | | | | | | |
| 9 | | | | | | | | | |
| 10 | | | | | | | | | |
| 11 | | | | | | | | | |
| 12 | | | | | | | | | |
| 13 | | | | | | | | | |
| 14 | | | | | | | | | |
| 15 | | | | | | | | | |

* ചെയർപേഴ്സൺ/വൈസ് ചെയർപേഴ്സൺ/കൺവീനർ/അംഗം

.

സ്ഥലം :

തീയതി :

സെക്രട്ടറിയുടെ പേരും ഒപ്പും

# ഭാഗം 1 : സാമൂഹ്യനീതി– അവസ്ഥാ വിശകലനം

## ഫോറം1.1 : അടിസ്ഥാന വിവരങ്ങൾ

### 1. . ഭിന്നശേഷിയുള്ളവർ

1.1.1 മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ

| ക്രമ നം. | | സ്ത്രീകൾ | പുരുഷന്മാർ | ആകെ |
|---|---|---|---|---|
| 1. | മാനസിക വൈകല്യം ബാധിച്ചവർ | | | |
| 2. | ശാരീരിക വൈകല്യം ബാധിച്ചവർ | | | |
| 3. | ആകെ എണ്ണം | | | |
| 4. | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുോ? | | | |
| | സഹായ ഉപകരണങ്ങൾ | ലഭ്യമായവരുടെ എണ്ണം | ഇനിയും ലഭിക്കാനുള്ളവരുടെ എണ്ണം | |
| | ട്രൈ മോട്ടോർ സൈക്കിൾ | | | |
| | ആർട്ടിഫിഷ്യൽ ലിംഫ് | | | |
| | മറ്റുള്ളവ | | | |
| 5. | പഞ്ചായത്തിലെ പൊതുയിടങ്ങളും സ്ഥാപനങ്ങളും ഭിന്നശേഷി സൗഹൃദമാക്കിയിട്ടുണ്ടോ? | ഉണ്ട് | ഇല്ല | |
| 6. | മാനസിക വൈകല്യം ബാധിച്ച കുട്ടികളുടെ എണ്ണം | | | |
| 7. | ശാരീരിക വൈകല്യം ബാധിച്ചവർ കുട്ടികളുടെ എണ്ണം | | | |
| 8. | ആകെ | | | |
| 9. | ഓട്ടിസം ബാധിച്ചവർ | | | |
| 10. | സെറിബ്രൽ പാൾസിബാധിച്ചവർ | | | |
| 11. | ബുദ്ധിപരമായ വെല്ലുവിളി (MR) നേരിടുന്നവർ | | | |
| 12. | കാഴ്ചശക്തി ഇല്ലായ്മ ഉള്ളവർ | | | |
| 13. | കേൾവി/സംസാരശേഷി ഇല്ലാത്തവർ | | | |
| 14. | ബഹുവൈകല്യം ഉള്ളവർ | | | |

| 1.1.2 സ്ഥാപന വിശദാംശങ്ങൾ | | | |
|---|---|---|---|
| | സ്ഥാപനങ്ങൾ | എണ്ണം | |
| 1 | സ്പെഷ്യൽ സ്കൂളുകളുടെ എണ്ണം | | |
| 2 | സ്പെഷ്യൽ സ്കൂൾ കുട്ടികളുടെ എണ്ണം | | |
| 3 | സ്പെഷ്യൽ സ്കൂൾ അധ്യാപകരുടെ എണ്ണം | | |
| 4 | ബഡ്സ് സ്കൂൾപ്രവർത്തിക്കുന്നുണ്ടോ? | ഉണ്ട് | ഇല്ല |
| 5 | ബഡ്സ് സ്കൂളിലെ കുട്ടികളുടെ എണ്ണം | | |
| 6 | ബഡ്സ് സ്കൂൾ അധ്യാപകരുടെ എണ്ണം | | |
| 7 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ? | ഉണ്ട് | ഇല്ല |
| 8 | ഉ□ങ്കി□ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെകുട്ടികളുടെ എണ്ണം | | |
| 9 | ബഡ്സ് സ്കൂൾ/ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ അടിസ്ഥാന സൗകര്യം ഉണ്ടോ? | ഉണ്ട് | ഇല്ല |
| ഇല്ലെങ്കിൽ ഏതുതരം സൗകര്യം ആവശ്യമുണ്ടെന്ന് രേഖപ്പെടുത്തുക. | | | |

1.1.3 സ്കോളർഷിപ്പ്

| | | |
|---|---|---|
| 15. | ശാരീരിക മാനസിക വൈകല്യങ്ങളുള്ള എത്ര കുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്? | |
| 16. | ഇനി സ്കോളർഷിപ്പ് ലഭ്യമാകാനുള്ള കുട്ടികളുടെ എണ്ണം | |

സ്രോതസ്സ് :അംഗപരിമിത സെൻസസ്2015, ജി.ഒ (എം.എസ്) നം.144/13/എൽ.എസ്.ജി.ഡി തീയതി: 06.04.2013, ജി.ഒ (എം.എസ്) നം.148/2009/എൽ.എസ്.ജി.ഡി തീയതി: 29.07.2009

# 2 കുട്ടികൾ

1.1.4 ജനസംഖ്യ

| ക്രമ നമ്പർ | വയസ്സ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|---|
| 1. | 0 – 6 മാസം | | | |
| 2. | 6 മാസം മുത□ 3 വയസ്സ് വരെ | | | |
| 3. | 3 വയസ്സ് മുത□ 6 വയസ്സ് വരെ | | | |
| 4 | 6–10 | | | |
| 5 | 10–19 | | | |
| 6 | ആകെ | | | |

1.1.5 അംഗനവാടികൾ

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | ആകെ അംഗനവാടികളുടെ എണ്ണം | | | | | | |
| 8 | കെട്ടിട ഉടമസ്ഥത (എണ്ണം) | സ്വന്തം | | വാടക | | വാടകേതരം | |
| 9 | അടിസ്ഥാന സൗകര്യമില്ലാത്ത അംഗനവാടികളുടെ എണ്ണം* | വൈദ്യുതി | | ടോയിലറ്റ് | | | |
| | | ചുറ്റുമതിൽ | | ഗ്യാസ് കണക്ഷൻ | | | |
| 10 | കുടിവെള്ളം | ഉണ്ട് | | ഇല്ല | | | |
| 11 | സ്രോതസ്സ് (കിണർ, പൈപ്പ്, മറ്റുള്ളവ) | | | | | | |
| 12 | ആവശ്യത്തിന് ശിശുസൗഹൃദ ഫർണിച്ചർ | ഉള്ളവ എണ്ണം | | ഇല്ലാത്തവ എണ്ണം | | | |
| 13. | കളിസ്ഥല ലഭ്യത | അകത്ത് | | പുറത്ത് | | | |
| 14 | കുട്ടികൾക്കാവശ്യമുള്ള കളി ഉപകരണങ്ങൾ ലഭ്യമാകാത്ത അംഗനവാടികളുടെ എണ്ണം | | | | | | |

സ്രോതസ്സ് :വാർഷിക സർവ്വേ എം.പി.ആർ സെൻസസ്സ്

* അടിസ്ഥാന സൗകര്യമില്ലാത്ത അംഗനവാടികളുടെ വിശദാംശങ്ങൾ (പേര് ഉൾപ്പെടെ) പ്രത്യേകം ഉൾപ്പെടുത്തേല്ലതാണ്.

## 3. വൃദ്ധർ/വയോജനങ്ങൾ

1.1.6 ജനസംഖ്യ

| ക്രമ നമ്പർ | വയസ്സ് തിരിച്ച് | ജനസംഖ്യ | | ആകെ | വിഭാര്യൻ | വിധവ |
|---|---|---|---|---|---|---|
| | | പുരുഷന്മാർ | സ്ത്രീകൾ | | | |
| 1. | 60-69 ഇടയ്ക്ക് പ്രായമുള്ളവർ | | | | | |
| 2. | 70-79 ഇടയ്ക്ക് പ്രായമുള്ളവർ | | | | | |
| 3. | 80 വയസ്സിന് മുകളിൽ പ്രായമുള്ളവർ | | | | | |

1.1.7 വൃദ്ധർക്കുവേി കമ്മ്യൂണിറ്റി കം ഡെ കെയർ സെന്ററുകൾ (പകൽവീട്) ആരംഭിച്ചിട്ടുണ്ടോ? :

ഉണ്ടെങ്കിൽ എണ്ണം :

1.1.8 പൊതു വിവരങ്ങൾ

| | സർക്കാർ | സ്വകാര്യം | എൻ.ജി.ഒ. |
|---|---|---|---|
| വൃദ്ധസദനങ്ങളുടെ എണ്ണം | | | |

1.1.9 സാമൂഹിക സുരക്ഷ

| | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ ലഭ്യമായിട്ടുള്ള ആളുകളുടെ എണ്ണം | | | |
| ഇനി വാർദ്ധക്യകാല പെൻഷൻ ലഭിക്കാനുള്ളവരുടെ എണ്ണം | | | |
| ജീവിത മാർഗ്ഗത്തിനായി സ്വയം തൊഴിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം | | | |
| പൊതു സ്ഥലങ്ങൾ വയോജന സൗഹൃദമാക്കി | ഉണ്ട് | ഇല്ല | |

| | | |
|---|---|---|
| യിട്ടുണ്ടോ? | | |

സ്രോതസ്സ് :സെൻസസ്സ് 2011Economic and Statistic department, Kerala

1.1.10 സാമൂഹ്യസുരക്ഷാ പെൻഷൻ/ ധനസഹായം

| ക്രമ നം. | പെൻഷൻ | ആൺ | പെൺ | ആകെ |
|---|---|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | | | |
| 2 | വിധവ പെൻഷൻ | | | |
| 3 | വികലാംഗ പെൻഷൻ | | | |
| 4 | കർഷകതൊഴിലാളി പെൻഷൻ | | | |

സ്രോതസ്സ് :പഞ്ചായത്ത് ഡാറ്റ

# ഭാഗം 1 : സാമൂഹ്യനീതി– അവസ്ഥാ വിശകലനം

## ഫോറം 1.2: പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

| ക്രമ നമ്പർ | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിന്റെ തീവ്രത (✔ചെയ്യുക) | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കൽ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ഏറ്റെടുക്കേണ്ട തായ പ്രവർത്തനങ്ങൾ എന്തെല്ലാം?* | | | |
|---|---|---|---|---|---|---|---|---|---|---|
| | | | ലഘു | ഗുരുതരം | അതീവ ഗുരുതരം | | ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിൽ | കീഴ്തട്ട് പഞ്ചായത്ത് തലത്തിൽ | മുകൾതട്ട് പഞ്ചായത്ത് തലത്തിൽ | സർക്കാർ തലത്തിൽ |
| | | | | | | | | | | |

* തദ്ദേശഭരണത്തിന്റെ അധികാരങ്ങൾ, ചുമതലകൾ, പദ്ധതി രൂപീകരണ മാർഗനിർദ്ദേശങ്ങൾ എന്നിവയും സാങ്കേതിക ക്ഷമത, സാമ്പത്തിക ക്ഷമത, വിജയ സാദ്ധ്യത, പ്രായോഗികത, പൊതുപണം വിനിയോഗിക്കുന്നതിലെ സാമൂഹ്യ പ്രസക്തി എന്നിവയും കണക്കിലെടുത്തുകൊണ്ടായിരിക്കണം സാധ്യതകൾ പരിഗണിക്കേണ്ടത്.

## ഭാഗം 2: മുൻകാലങ്ങളിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിലയിരുത്തൽ

### ഫോറം 2.1 :പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആദ്യത്തെ നാല് വർഷം

### (2012-13, 2013-14, 2014-15, 2015-16വാർഷിക പദ്ധതികളിൽ) നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ

**തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്:..................................................... വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:........................................................**

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | നടപ്പിലാക്കിയ പ്രോജക്ടിന്റെ പേര് | പ്രോജക്ട് നടപ്പിലാക്കിയ വർഷം/വർഷങ്ങൾ | So/New | GEN/ SCSP/ TSP | പ്രോജക്ടിന്റെ അവസ്ഥ* | ലക്ഷ്യം | | നേട്ടം | | പ്രതീക്ഷിച്ച യഥാർത്ഥ പ്രയോജനം | കൈവരിച്ച യഥാർത്ഥ പ്രയോജനം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | സാമ്പത്തികം (രൂപ) | ഭൗതികം | സാമ്പത്തികം (രൂപ) | ഭൗതികം | | |
| | | | | | | | | | | | | |
| | ആകെ | | | | | | | | | | | |

* പൂർത്തീകരിച്ചു/തുടരുന്നു/പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു

സ്ഥലം:
തീയതി

ഒപ്പ്:
പേര്:
കൺവീനർ
........................................................... (വർക്കിംഗ് ഗ്രൂപ്പ്)

കുറിപ്പ്:
**(1) ഒന്നിലേറെ വർഷങ്ങളിലെ എഴുതുമ്പോൾ, ഓരോ വർഷത്തെയും ക്രമമായി എഴുതണം**
**(2) യഥാർത്ഥ പ്രയോജനം – ഉദാ: ഒരു കുടിവെള്ള പദ്ധതിയുടെ യഥാർത്ഥ പ്രയോജനം എന്നത് 55 കുടുംബങ്ങൾക്ക് പ്രതിദിനം 300 ലിറ്റർ വീതം കുടിവെള്ളം വർഷം മുഴുവൻ ലഭ്യമാക്കുക**

## ഭാഗം 2: മുൻകാലങ്ങളിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിലയിരുത്തൽ

### ഫോറം 2.2 :പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷം (2016-17 സാമ്പത്തിക വർഷം) നടപ്പിലാക്കിയ/നടപ്പിലാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

**തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്:.................................................................**
**വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:....................................................................................**

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | നടപ്പിലാക്കിവരുന്ന പ്രോജക്ടിന്റെ പേര് | So/New | GEN/ SCSP/ TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൗതികം | സാമ്പത്തികം (രൂപ) | ഭൗതികം | |
| | | | | | | | | | |

* പൂർത്തീകരിച്ചു/തുടരുന്നു/പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു

സ്ഥലം:
തീയതി

ഒപ്പ്:
പേര്:
കൺവീനർ
............................ വർക്കിംഗ് ഗ്രൂപ്പ്

# ഭാഗം 3 : വികസന പരിപ്രേക്ഷ്യം

## ഫോറം 3.1: വികസന പരിപ്രേക്ഷ്യം – ദീർഘകാലം– 2030 ൽ കൈവരിക്കാവുന്നവ

| ക്രമ നമ്പർ | പരിപ്രേക്ഷ്യം (വികസന സ്വപ്നങ്ങൾ) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | കൈവരിക്കേണ്ട ദീർഘകാല ലക്ഷ്യം |
|---|---|---|---|---|
| | | | | |
| | | | | |

ദീർഘകാല വികസന പരിപ്രേക്ഷ്യ (വികസന സ്വപ്നം) ത്തിനുള്ള ചില ഉദാഹരണങ്ങൾ:

- ബാലസൗഹൃദ പഞ്ചായത്ത്
- വയോജന സൗഹൃദ നഗരസഭ

ഫോറനം 3.1 പൂരിപ്പിക്കുന്നതിന് ചില ഉദാഹരണങ്ങൾ ചുവടെ നൽകുന്നു:

| ക്രമ നമ്പർ | പരിപ്രേക്ഷ്യം* (വികസന സ്വപ്നങ്ങൾ) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | കൈവരിക്കേണ്ട ദീർഘകാല ലക്ഷ്യം |
|---|---|---|---|---|
| 1. | ബാലസൗഹൃദ പഞ്ചായത്ത് | ജനസംതൃപ്തി (സ്കോർ) | 40% | 100% |
| 2. | വയോജന സൗഹൃദ നഗരസഭ | വയോജന സംതൃപ്തി (സ്കോർ) | 20% | 100% |

# ഭാഗം 3 : വികസന പരിപ്രേക്ഷ്യം

## ഫോറം 3.2: വികസന പരിപ്രേക്ഷ്യം – ദീർഘകാലം– പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ കൈവരിക്കാവുന്നവ

| മുൻഗണന | പരിപ്രേക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | കൈവരിക്കേണ്ട ലക്ഷ്യം | | | | |
|---|---|---|---|---|---|---|---|---|
| | | | | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
| 1.<br>2.<br>3.<br>.<br>. | | | | | | | | |

ഫോറം 3.2 പൂരിപ്പിക്കുന്നതിന് ഫോറം 3.1 ലെ പരിപ്രേക്ഷ്യത്തിന്റെ മുൻഗണന നിശ്ചയിച്ച് കൂടുതൽ മുൻഗണന നൽകേണ്ട പരിപ്രേക്ഷ്യം രേഖപ്പെടുത്തേണ്ടതാണ്. പ്രശ്നങ്ങളുടെ തീവ്രതയുടെ അടിസ്ഥാനത്തിലായിരിക്കണം മുൻഗണന നിശ്ചയിക്കേണ്ടത്. ഉദാഹരണസഹിതമുള്ള പട്ടിക 3.2 ചുവടെ നൽകുന്നു.

| മുൻഗണന | പരിപ്രേക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | കൈവരിക്കേണ്ട ലക്ഷ്യം | | | | |
|---|---|---|---|---|---|---|---|---|
| | | | | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
| 1. | ബാലസൗഹൃദ പഞ്ചായത്ത് | ബാലസംതൃപ്തി (സ്കോർ) | 40% | 50% | 60% | 70% | 80% | 100% |
| 2. | വയോജന സൗഹൃദ നഗരസഭ | വയോജന സംത-പ്തി (സ്കോർ) | 20 | 30 | 50 | 70 | 90 | 100 |

**കുറിപ്പ്** : ചില ദീർഘകാല വികസന സ്വപ്നങ്ങൾ 2030 നു മുമ്പുതന്നെ കൈവരിക്കാൻ കഴിഞ്ഞേക്കാം. ഒരുപക്ഷേ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷങ്ങളിൽ തന്നെ അത് പൂർത്തീകരിച്ചേക്കാം.

# ഭാഗം 4 : വികസന ലക്ഷ്യങ്ങളും പ്രോജക്ട് ആശയങ്ങളും

## ഫോറം 4: പ്രോജക്ട് ആശയങ്ങൾ

ലക്ഷ്യം : ……………………………………

| ക്രമ നമ്പർ | പ്രോജക്ട് ആശയങ്ങൾ (പഞ്ചവത്സര പദ്ധതിക്കാലയവിലേക്ക്) | മുൻഗണന* | | | | |
|---|---|---|---|---|---|---|
| | | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
| | | | | | | |

* മുൻഗണന പ്രകാരം ഏതു വർഷം ആണോ ആ കളത്തിൽ ടിക് (√) അടയാളം ചെയ്യാവുന്നതാണ്.

ഒരു ലക്ഷ്യത്തിന് ഒന്നിലേറെ പ്രോജക്ട് ആശയങ്ങൾ ആകാം. ഈ പ്രോജക്ട് ആശയങ്ങളാണ് പിന്നീട് പ്രോജക്ടുകളായി തയ്യാറാക്കുന്നത്. ലക്ഷ്യങ്ങളുടെ എണ്ണത്തിനനുസരിച്ച് ഫോറം 4 പൂരിപ്പിക്കേണ്ടതാണ്. അതായത്, ഓരോ ലക്ഷ്യത്തിനും പ്രത്യേകം പ്രത്യേകം ഫോറങ്ങൾ ഉപയോഗിക്കേണ്ടതാണ്.

ഉദാഹരണത്തിന് ഫോറം 3.2 ലെ മുൻഗണന പ്രകാരമുള്ള പരിപ്രേക്ഷ്യവും അതിന്റെ ലക്ഷ്യവും കൈവരിക്കുവാൻ ഫോറം 4 പൂരിപ്പിക്കേണ്ട വിധം ചുവടെ കൊടുക്കുന്നു.

## ഫോറം 4 : പ്രോജക്ട് ആശയങ്ങൾ

ലക്ഷ്യം 1 : ബാലസംതൃപ്തി 40% ൽ നിന്നും 100% ആയി വർദ്ധിപ്പിക്കൽ

| ക്രമ നമ്പർ | പ്രോജക്ട് ആശയങ്ങൾ (പഞ്ചവത്സര പദ്ധതിക്കാലയവിലേക്ക്) | മുൻഗണന | | | | |
|---|---|---|---|---|---|---|
| | | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
| 1. | ബാലസഭകളുടെ രൂപീകരണം | √ | | | | |
| 2. | വ്യക്തിത്വ വികസന പരിപാടികൾ | | √ | √ | √ | √ |

മേൽ ഉദാഹരണത്തിൽ സൂചിപ്പിച്ച 2 പ്രോജക്ട് ആശയങ്ങൾ രണ്ട് പ്രോജക്ടുകളായി മാറും.